# Athmaraksha.org

വിശുദ്ധരോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

## വി. സെബസ്ത്യാനോസി നോടുള്ള പ്രാർത്ഥന



ഞങ്ങൾക്കുവേണ്ടി കാൽവരിക്കുന്നിൽ യാഗമായിത്തീർന്ന ഈശോയെ, അങ്ങയോടുള്ള സ്നേഹത്തെപ്രതി രക്തസാക്ഷിത്വം വരിച്ച വി. സെബസ്ത്യാനോസിനെ ഞങ്ങൾക്കു മാതൃകയും മദ്ധ്യസ്ഥനുമായി നൽകിയതിനു ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു.

പഞ്ഞം, പട, വസന്ത, മാറാരോഗങ്ങൾ മുതലായവയാലും പൈശാചികപീഢകളാലും ക്ലേശിക്കുന്ന എല്ലാവരേയും വിശുദ്ധ സെബസ്ത്യാനോസിന്റെ മദ്ധ്യസ്ഥത്താൽ മോചിപ്പിക്കണമേ. മിശിഹായ്ക്കും അവിടുത്തെ സുവിശേഷത്തിനും വേണ്ടി അക്ഷീണം അദ്ധ്വാനിക്കുവാനും പ്രതിസന്ധിയിൽ തളരാതെ വിശ്വാസ ജീവിതത്തിൽ അടിയുറച്ചു മുന്നേറുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ.

ഈശോയെ അങ്ങേക്കുവേണ്ടി ജീവൻ ഹോമിച്ച വിശുദ്ധനെ അനുകരിച്ച് അങ്ങേക്കു സാക്ഷികളാകുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ഞങ്ങൾക്കിപ്പോൾ ആവശ്യമായ അനുഗ്രഹങ്ങൾ (നിശബ്ദമായി ആഗ്രഹങ്ങൾ സമർപ്പിക്കുക) വിശുദ്ധന്റെ മാദ്ധ്യസ്ഥത്താൽ സാധിച്ചു തരണമേ. ആമ്മേൻ. 1സ്വർഗ്ഗ. 1നന്മ. 1ത്രി.